# യേശു ദീപാവലി = അന്തഃരംഗ – അശുദ്ധി നിർമ്മാർജനോത്സവം

‘വെളിച്ചങ്ങളുടെ ആഘോഷം’ എന്നറിയപ്പെടുന്ന ദീപാവലി ഹിന്ദുക്കളും സിക്കുകാരും ഒരുപോലെ കൊണ്ടാടുന്നു. മൂന്നു നാല് ദിവസങ്ങൾ നീണ്ടുനിൽക്കുന്ന ഈ ഉത്സവം സന്തോഷം നിറഞ്ഞു നിൽക്കുന്ന സമയങ്ങളാണ്. മൺപാത്രങ്ങളിൽ എണ്ണ നിറച്ച് തീ കൊളുത്തിയ നൂറുകണക്കിന് വിളക്കുകളെക്കൊണ്ട് ഭവനങ്ങൾ പ്രകാശപൂരിതമാക്കുന്നു. ദീപാവലി ദിവസം ഭവനത്തിൽ എല്ലാവരും എണ്ണ തേച്ച് കുളിച്ച് ദിനം തുടങ്ങുന്നു. അന്യോന്യം സമ്മാനങ്ങളും മധുരപലഹാരങ്ങളും കൈമാറുന്നു. പിറ്റേ ദിവസം അതിരാവിലെ തന്നെ പൂത്തിരി കത്തിക്കലിന്റെ തുടക്കമായി. ഈ സംഭവം ഉച്ചവരെ നീണ്ടുനിൽക്കും.

എന്നാൽ, ഈ ഉത്സവത്തിന്റെ ഉദ്ദേശ്യം നാം ഒരിക്കലെങ്കിലും ചിന്തിച്ചിട്ടുണ്ടോ? നമ്മുടെ പുരാണ കഥകളിലെല്ലാം പ്രതിധ്വനിക്കുന്ന ഒരു സത്യം തിന്മയെ പരാജയപ്പെടുത്തി നന്മയും സത്യവും കൊണ്ടാടുക എന്നുള്ളതാണ്. ദീപാവലിയുടെ നാളുകളിൽ പ്രത്യേകം അനുസ്മരിക്കുന്നവരിൽ രണ്ടു പേരാണ് രാമനും കൃഷ്ണനും. ഇവരുടെ രണ്ടു പേരുടെയും ലക്ഷ്യം അസുരന്മാർ എന്നറിയപ്പെട്ടിരുന്ന ദുഷ്ടന്മാരെ തോല്പിച്ച് സാധാരണ ജനത്തെ രക്ഷിക്കുക എന്നതായിരുന്നു. ഈ അഗ്ദശന്മാർ ദിവ്യശക്തിയുള്ളവരും ദുഷ്ടന്മാരും ആയിരുന്നതിനാൽ സത്യസന്ധരായ ജനത്തെ പീഡിപ്പിക്കുന്നതായിരുന്നു അവരുടെ വിനോദം. രാവണനെ (അശുരൻ) തോല്പിച്ച് മടങ്ങിവരുന്ന രാമനെയും നരകാസുരിയെ തോല്പിച്ച് മടങ്ങിവരുന്ന കൃഷ്ണനെയും ആണ് ദീപാവലി ആഘോഷിക്കുന്നത്. എല്ലാവർഷവും കൊണ്ടാടുന്ന ദീപാവലി വിളിച്ചു പറയുന്ന മറ്റൊരു സത്യം തിന്മ അല്ലെങ്കിൽ അശുദ്ധി (അശുരൻ) എല്ലാ മനുഷ്യരുടെയും സന്തത സഹചാരിയാണ്. ഇതിനെ ജയിച്ച് സ്വയശുദ്ധി വരുത്തി മോക്ഷം പ്രാപിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. ആധുനിക സിനിമകളിലും പഠിപ്പിക്കലുകളിലും നിറഞ്ഞുനിൽക്കുന്ന ആശയവും ഇതു തന്നെയാണ്. ‘തിന്മയെ ജയിക്കുക, അശുദ്ധി മനുഷ്യ മനസ്സുകളിൽ നിന്ന് നിർമ്മാർജ്ജനം ചെയ്യുക.’

നമുക്കു നമ്മോടു തന്നെ ചോദിക്കാം. ഈ ഉത്സവങ്ങളിലൂടെ നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന അശുദ്ധിയിൽ നിന്ന് വിടുതൽ പ്രാപിക്കുവാൻ നമുക്കു കഴിയുമോ? മാനുഷിക ശ്രമങ്ങൾ കൊണ്ട് നേടിയെടുക്കുവാൻ കഴിയുന്നതാണോ വിശുദ്ധീകരണം? ഈ ചിന്ത നമ്മെ ഒരിക്കലെങ്കിലും ഭരിച്ചിട്ടുണ്ടോ? സ്വയശുദ്ധിക്കുവേണ്ടി അനേകവർഷങ്ങൾ പരിശ്രമം നടത്തിയ എന്റെ ജീവിതത്തിൽ ഒന്നു ഞാൻ മനസ്സിലാക്കി, തുടങ്ങുവാൻ പോലും എനിക്കു കഴിഞ്ഞിട്ടില്ല. മറ്റുള്ളവരുടെ സഹായം അന്വേഷിച്ചപ്പോൾ അവരും എന്റെ തോണിയിൽ തന്നെയെന്നറിഞ്ഞു.

നമുക്കെല്ലാം സുപരിചിതനും എല്ലാവരും ബഹുമാനപൂർവം അനുസ്മരിക്കുന്നതുമായ മഹാത്മാഗാന്ധിയെ എടുക്കാം. സത്യം പിന്തുടർന്ന് സ്വയശുദ്ധി പ്രാപിക്കുവാൻ ജീവിതം ഉഴിഞ്ഞുവെച്ച മഹാത്മാവായിരുന്ന അദ്ദേഹം നമുക്ക് ഒരു മാതൃകയാണ്. തന്റെ ജീവിതാനുഭവങ്ങളെപ്പറ്റി (ഓട്ടോബയോഗ്രഫി) എഴുതിയ ‘സത്യപരീക്ഷണം’ എന്ന പുസ്തകത്തിന്റെ ഒടുവിലത്തെ അദ്ധ്യായമായ വിടവാങ്ങൽ (fare well) എന്ന തലക്കെട്ടിന് അദ്ദേഹം ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: ‘സ്വയശുദ്ധീകരണ പാത പ്രയാസവും ദുർഘടവും ആണ്. ചിന്തയിലും വാക്കിലും പ്രവൃത്തിയിലും ഉള്ള എല്ലാ മോഹങ്ങളും മരപ്പിച്ച് സ്നേഹവും ക്രോധവും തമ്മിലുള്ള ആകർഷണ വികർഷണ ശക്തിയെ കവിയുന്ന മണ്ഡലത്തിൽ ഉയർന്നെങ്കിൽ മാത്രമേ സത്ഗുണ പൂർത്തി പ്രാപിച്ച് സ്വയശുദ്ധി വരുത്തുവാൻ കഴിയുകയുള്ളൂ. സദാ ശ്രമിച്ചിട്ടും ഇതു പ്രാപിക്കുവാൻ എനിക്കു കഴിഞ്ഞിട്ടില്ല. എന്നാൽ എന്റെ മുമ്പിൽ ഈ ദുർഘടപാത തുറന്നു കിടക്കുന്നു..............’. മഹാത്മാവ് എന്ന് പരക്കെ അറിയപ്പെടുന്ന മഹാത്മാഗാന്ധി ആത്മാർത്ഥതയോടെ നമ്മോടു വിളിച്ചു പറയുന്ന സന്ദേശം ഇങ്ങനെയെങ്കിൽ സാധാരണ ജനത്തിന്റെ കാര്യം ഒന്നു ചിന്തിക്കുക. നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന അശുദ്ധിയെ ഒരു ജന്മംകൊണ്ട് കീഴടക്കാൻ കഴിയില്ല എന്ന ആശയം ഉടലെടുത്തതു കൊണ്ടാവാം പല ജന്മങ്ങൾ വേണമെന്ന് പുരാതന വേദങ്ങളിൽ എഴുതിയിരിക്കുന്നത്.

മനുഷ്യനിലുള്ള അശുദ്ധി മാനുഷിക ശക്തികൊണ്ട് കീഴടക്കാൻ ശ്രമിച്ച് പരാജയപ്പെട്ട മനുഷ്യനോടുള്ള ദൈവീകസമീപനം നമ്മിൽ പ്രത്യാശ ജനിപ്പിക്കുന്നു. ഈ സത്യം മനസ്സിലാക്കുന്നതും അനുഭവമാക്കുന്നതും ആവാം നിങ്ങൾക്ക് ലഭിക്കുന്ന ഏറ്റവും വലിയ ദീപാവലി സമ്മാനം.

പുറമെ കാണുന്ന വ്യക്തിത്വത്തെക്കാൾ ഭീകരമാണ് നമ്മുടെ അകത്തെ അശുദ്ധി. ഇതിൽനിന്നു വിമോചനം ലഭിക്കണമെങ്കിൽ കഴിഞ്ഞ കാലങ്ങളിൽ ചെയ്ത പ്രവൃത്തിദോഷത്തെ തുടച്ചുമാറ്റി തിന്മ പ്രവൃത്തിക്കുവാൻ നമ്മേ പ്രേരിപ്പിക്കുന്ന വ്യഗ്രതയെ കീഴടക്കണം. യേശു എന്ന നിത്യദൈവം മനുഷ്യവർഗത്തിന്റെ ശിക്ഷ തന്റെമേൽ ഏറ്റെടുത്ത് ക്രൂശുമരണത്തിന് തന്നെത്തന്നെ അർപ്പിച്ചപ്പോൾ ഓരോ മനുഷ്യന്റെയും പ്രവൃത്തിദോഷത്തിന്റെ പിഴ അടച്ചുതീർത്തു. ദൈവത്തിന്റെ ആത്മാവായ പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളിലേക്ക് കടന്നുവന്ന് വാസം ചെയ്ത് സ്വയശുദ്ധി ലഭിക്കുവാനുള്ള വഴി യേശുക്രിസ്തുവിന്റെ ഉയർത്തെഴുന്നേല്പിലൂടെ നമുക്കു ലഭിച്ചു. പരിശുദ്ധാത്മാവിനെ നമ്മിലേക്ക് സ്വാഗതം ചെയ്യുമ്പോൾ നിത്യഗുരുവായ ദൈവം തന്റെ ശക്തിയാൽ നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന ആശുദ്ധിയെ തുടച്ചുമാറ്റി സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ തെറ്റു ചെയ്യുവാനുള്ള നമ്മുടെ ആഗ്രഹത്തെ കീഴടക്കുന്നു. ഈ നിത്യഗുരുവിന് നമ്മെ സമർപ്പണം ചെയ്യുമ്പോൾ, തിന്മയെ ജയിക്കാനുള്ള വരം യേശുക്രിസ്തുവാകുന്ന സത്യവെളിച്ചം നമ്മുടെ ഉള്ളിൽ കാണിച്ചുതന്ന് നമ്മുടെ ഉള്ളിൽ ദീപാവലി കൊളുത്തുവാൻ തക്കവണ്ണം ദൈവം നമ്മെ സ്നേഹിച്ചു. മൂന്നു നാലു ദിവസം നീണ്ടു നിൽക്കുന്ന ദീപാവലിയിൽ നാം ഇത്രമാത്രം സന്തോഷിക്കുന്നുവെങ്കിൽ നിത്യത വരെ നീണ്ടു നിൽക്കുന്ന ദീപാവലി എത്ര സന്തോഷമായിരിക്കും. ഇതു വർണ്ണിക്കുവാൻ നാവുകൾ പോരാ. ഇതു കൊണ്ടു തന്നെയാണ് ദൈവം തന്റെ വിശുദ്ധവചനം നമുക്കു നല്കിയത്. ഈ എഴുത്തുകളിലൂടെ ഞാൻ വിവരിക്കുന്ന 'യേശു ദീപാവലി' യിലേക്ക് ഒരു എത്തിനോട്ടം നടത്താനുള്ള പദവി ദൈവം നമുക്ക് നല്കി.

പരിശുദ്ധാത്മാവിനെ വഴികാട്ടിയായി നാം തെരഞ്ഞെടുക്കുമ്പോൾ നമുക്ക് ഇപ്രകാരം പറയുവാൻ കഴിയും. 'ഇരുട്ടിൽ നിന്ന് വെളിച്ചം പ്രകാശിക്കേണം എന്ന് അരുളിച്ചെയ്ത ദൈവം, യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങേണ്ടതിന് ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു. എങ്കിലും ഈ അത്യന്ത ശക്തി ഞങ്ങളുടെ സ്വന്തം എന്നല്ല, ദൈവത്തിന്റെ ദാനമത്രേ എന്ന് വരേണ്ടതിന് ഈ നിക്ഷേപം ഞങ്ങൾക്ക് മൺപാത്രങ്ങളിൽ ആകുന്നു ഉള്ളത്.'

ദീപാവലി ആഘോഷിക്കുവാൻ നാം ഒരു ഭവനത്തിലേക്ക് ചെല്ലുമെങ്കിൽ 'യേശു ദീപാവലി'ക്ക് യേശു നമ്മിലേക്ക് വരുവാൻ നാം സ്വാഗതം ചെയ്യണം. ഈ യേശു എന്ന നിത്യപ്രകാശത്താൽ കൊളുത്തപ്പെട്ട ദീപം നിങ്ങളിൽ ഉണ്ടെങ്കിൽ അകത്തുനിന്ന് പുറത്തേക്ക് നിങ്ങൾ പ്രകാശിക്കുവാൻ തുടങ്ങും. ഈ പ്രകാശം നമ്മുടെ ഹൃദയഭിത്തികളിൽ കത്തുവാൻ തുടങ്ങുമ്പോൾ തിന്മയെ ജയിക്കാനുള്ള ശക്തി പരിശുദ്ധാത്മാവ് നമുക്ക് നല്കുന്നു. നിത്യഗുരുവായ ദൈവം നിങ്ങളുടെ ദൈനംദിന വഴികാട്ടിയായി മാറും. യേശുവിനെപ്പറ്റി വിശുദ്ധ വചനത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; ഇരുളോ അതിനെ പിടിച്ചടക്കിയില്ല.'